**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6411** **10-11-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ ഐ.റ്റി.ഐ.യിൽ പുതിയ ട്രേഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മണലൂർ ഐ.റ്റി.ഐ.യിൽ മെക്കാനിക് (മോട്ടോർ വെഹിക്കിൾ) ഡ്രാഫ്റ്റ്മാൻ (സിവിൽ) എന്നീ ട്രേഡുകൾ കൂടാതെ മറ്റേതെങ്കിലും ട്രേഡുകൾ നിലവിലുണ്ടോ; | (എ) | ഇല്ല |
| (ബി) | നിലവിലുള്ള ട്രേഡുകളിൽ ആകെ എത്ര സീറ്റുകളാണുള്ളതെന്ന് അറിയിക്കാമോ; | (ബി) | നിലവിലുള്ള 2 ട്രേഡുകളിലായി 48 സീറ്റുകളുണ്ട്. |
| (സി) | മണലൂർ മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് മതിയായ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ഇത് പര്യാപ്തമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. മണലൂർ ഐ.റ്റി.ഐ. യിലേക്ക് പുതിയ ട്രേഡുകൾ ആരംഭിക്കാനാവശ്യമായ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ഐ.റ്റി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റിൽ ഫയൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ; | (ഡി) | ഉണ്ട്. ഡിറ്റി/1236/2021-ഐ4 |
| (ഇ) | മണലൂർ ഐ.റ്റി.ഐ.ക്ക് പുതിയ കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചിട്ടുള്ളത് പരിഗണിച്ച് പുതിയ ട്രേഡുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ഇ) | മണലൂർ ഐ.റ്റി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (എഫ്) | ഉണ്ടെങ്കിൽ ഏതെല്ലാം ട്രേഡുകളാണ് പുതിയതായി അനുവദിക്കുന്നതെന്ന് അറിയിക്കാമോ; | (എഫ്) | മണലൂർ ഐ.റ്റി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ജി) | ഇല്ലെങ്കിൽ പ്രസ്തുത ഐ.റ്റി.ഐ.ക്ക് പുതിയ ട്രേഡുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ജി) | മണലൂർ ഐ.റ്റി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ